DISPATCHED
On...14/02/2022

9/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1904(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 16358/SIC-G4/2021)**

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ഫെബ്രുവരി 9

ശ്രീ. സജി തോമസ്,
പുത്തൻപുരയിൽ,
(വാർഡ് – 8, 142),
നാറാണംമൂഴി പി.ഒ.,
അത്തിക്കയം – 689 711.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഹെഡ് ക്ലാർക്ക്,
നാറാണംമൂഴി ഗ്രാമപഞ്ചായത്ത് ആഫീസ്,
നാറാണംമൂഴി പി.ഒ., അത്തിക്കയം,
പത്തനംതിട്ട – 689 711.

2) അപ്പീൽ അധികാരി &
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടാഫീസ്,
പത്തനംതിട്ട.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 16/06/2021, 9/9/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 22/07/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 26/08/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 20/09/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 20/11/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 10/12/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 10/01/2022 |
| ഹിയറിംഗ് നടന്ന തീയതി | 08/02/2022–(വീഡിയോ/ ഓഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം :അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. സജി തോമസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ 16.6.2021 തീയതി നാറാണംമൂഴി ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ. മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ 26.8.2021 തീയതി അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ആയതിന് ലഭിച്ച മറുപടി

തൃപ്തികരമല്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട പകർപ്പുകൾ ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 16.6.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ബിൽഡിംഗ് പെർമിറ്റ് അപേക്ഷയോടൊപ്പം സമർപ്പിച്ച കൺസേണിന്റെ പകർപ്പും, ശ്രീ. ഫിലിപ്പോസ് പി.എസ്., ശ്രീ. ഷിബുശാമുവേൽ എന്നിവരുടെ ഐ.ഡി. പ്രൂഫിന്റെ പകർപ്പും നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 22.7.2021-ന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾ നൽകുന്നതിനാവശ്യമായ ഫയൽ പഞ്ചായത്ത് റെക്കോർഡ് റൂമിൽ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല എന്നും ഫയൽ കണ്ടെത്തുന്ന മുറയ്ക്ക് ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതാണെന്നുമാണ്.

4. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട കൺസേണിന്റെ പകർപ്പ് ലഭിച്ചിട്ടില്ല എന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ 24.6.2021 തീയതി സമർപ്പിച്ച അപേക്ഷയ്ക്ക് നാളിതുവരെ മറുപടി ലഭ്യമായില്ല എന്നാരോപിച്ചാണ് അപ്പീൽ സമർപ്പിച്ചിട്ടുള്ളതെന്നും കോവിഡ്-19 രോഗവ്യാപനത്തിന്റെ സാഹചര്യത്തിൽ അപ്പീൽ അപേക്ഷയിൽ തുടർനടപടികൾക്ക് കാലതാമസം ഉണ്ടാകുന്നതാണെന്ന് 27.8.2021-ന് അറിയിപ്പ് നൽകിയിരുന്നു എന്നും അപ്പീൽ ആക്ഷേപങ്ങളിൽ വസ്തുതാവിവരണ പത്രിക ഹാജരാക്കുന്നതിന് എസ്.പി.ഐ.ഒ.യോട് നിർദ്ദേശിച്ചതിൻ പ്രകാരം ആയത് ലഭ്യമാക്കിയിരുന്നു എന്നും അപ്പീൽ അപേക്ഷയും അനുബന്ധ രേഖകളും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും പരിശോധിച്ചതിൽ അപേക്ഷകൻ ടിയാന്റെ ഉടമസ്ഥതയിലുള്ള കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പെർമിറ്റ് ഫയലിലുള്ള ചില രേഖകളുടെ പകർപ്പാണ് ആവശ്യപ്പെട്ടതെന്നും എന്നാൽ എസ്.പി.ഐ.ഒ. 22.7.2021-ന് മറുപടി നൽകിയതായി കാണിച്ചുകൊണ്ട് വസ്തുതാവിവരണ പത്രിക ഹാജരാക്കിയിരുന്നു എന്നും ആയത് സ്ഥിരീകരിക്കുന്നതിലേക്കായി ബന്ധപ്പെട്ട ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പും ഹാജരാക്കിയിട്ടുണ്ടെന്നും ഹർജിക്കാരന് വിവരം ലഭ്യമായില്ല എന്ന് അപ്പീൽ ഹർജിയിലൂടെ അറിഞ്ഞപ്പോൾ വീണ്ടും നൽകിയിട്ടുണ്ടെന്ന് എസ്.പി.ഐ.ഒ. വിശദീകരിച്ചിട്ടുണ്ടെന്നും എന്നാൽ എസ്.പി.ഐ.ഒ. നൽകിയ മറുപടി നിരീക്ഷിച്ചതിൽ നിന്നും അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ അടങ്ങിയ ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നാണ് എസ്.പി.ഐ.ഒ. മറുപടിയിലൂടെ അപേക്ഷകനെ അറിയിച്ചിരിക്കുന്നതെന്നും അപേക്ഷ കണ്ടെത്തുന്നതിലേയ്ക്കായി സേർച്ച് കമ്മിറ്റി രൂപീകരിച്ച് ചുമതലപ്പെടുത്തിയതായി കാണിച്ച് ഓഫീസ് ഉത്തരവിന്റെ പകർപ്പും

ഹാജരാക്കിയിട്ടുണ്ടെന്നും ടി വസ്തുതകൾ നിരീക്ഷിച്ചതിൽ 20 വർഷം വരെയുള്ള സേവനകാലയളവിലെ രേഖകളെങ്കിലും സൂക്ഷിക്കുകയും, ഓഫീസ് സംവിധാനത്തിന്റെ ഭാഗമാക്കുകയും ചെയ്യേണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി താരതമ്യേന കുറഞ്ഞ കാലയളവിനുള്ളിലെ ഫയൽ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല എന്ന മറുപടി നൽകിയത് ബന്ധപ്പെട്ട ഓഫീസ് സംവിധാനത്തിലും പ്രവർത്തനത്തിലുമുള്ള വീഴ്ചയായി കാണുന്നു എന്നും ഓഫീസ് സംവിധാനം കൂടുതൽ സേവന ബന്ധിതവും കാര്യക്ഷമവുമാക്കണമെന്ന് എസ്.പി.ഐ.ഒ.യെ ഓർമ്മിപ്പിക്കുകയും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ എത്രയും വേഗം കണ്ടെത്തി വിവരാവകാശ നിയമപ്രകാരം നൽകാവുന്ന രേഖകൾ അപേക്ഷകന് കൈമാറി വിവരം അറിയിക്കുന്നതിന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

5. രണ്ടാം എതിർകക്ഷി 07.1.2022 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ടി ഓഫീസിൽ നിന്നും പുറപ്പെടുവിച്ച അപ്പീൽ ഉത്തരവിൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയതിൽ അപേക്ഷകൻ ആവശ്യപ്പെട്ടിരുന്ന രേഖകൾ അടങ്ങിയ ഫയൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണൽ കോടതിയിൽ ശ്രീമതി ലീലാമ്മ ശാമുവേൽ എന്നയാൾ ഫയൽ ചെയ്ത 666/2019 നമ്പർ കേസുമായി ബന്ധപ്പെട്ട് വക്കീലാഫീസിൽ നൽകിയിട്ടുള്ളതായി കണ്ടെത്തിയെന്നും ടി കേസ് തീർപ്പാക്കി ഫയൽ ലഭിക്കുന്ന മുറയ്ക്ക് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതാണ് എന്ന വിവരം അപേക്ഷകനെ അറിയിച്ചിട്ടുണ്ടെന്നും ആയതിനു മറുപടിയായി രേഖകൾ നൽകിയ സ്ഥാപനവുമായി ബന്ധപ്പെട്ട് പകർപ്പ് ലഭ്യമാക്കി അപേക്ഷകന് 7 ദിവസത്തിനകം നൽകുന്നതിന് നാറാണംമൂഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് രണ്ടാം എതിർകക്ഷി 7.1.2022-ന് നിർദ്ദേശിച്ചിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ അടങ്ങിയ ഫയൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ കോടതിയിൽ ഫയൽ ചെയ്ത 666/2019 നമ്പർ കേസുമായി ബന്ധപ്പെട്ട് വക്കീലാഫീസിൽ നൽകിയിട്ടുള്ളതിനാലാണ് റിക്കാർഡ് റൂമിൽ ടി ഫയൽ കണ്ടെത്താൻ ഒന്നാം എതിർകക്ഷിക്ക് കഴിയാതിരുന്നത് എന്ന് കാണുന്നു. എന്നാൽ ഫയലിൽ നിന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കി 7 ദിവസത്തിനകം ഹർജിക്കാരന് നൽകണമെന്ന് 7.1.2022-ലെ RTIA-1284/2021 നമ്പർ കത്ത് പ്രകാരം രണ്ടാം എതിർകക്ഷി ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. അപ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം അടങ്ങിയ ഫയൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ കോടതിയിൽ ഫയൽ ചെയ്ത 666/2019 നമ്പർ കേസുമായി ബന്ധപ്പെട്ട് വക്കീലാഫീസിൽ സമർപ്പിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടും ടി ഫയലിൽ നിന്നും ഹർജിക്കാരൻ

ആവശ്യപ്പെട്ട രേഖാപകർപ്പുകൾ ലഭ്യമാക്കി ഹർജിക്കാരന് നൽകുന്നതിനുള്ള യാതൊരു നടപടിയും, ഒന്നാം അപ്പീലധികാരിയുടെ നിർദ്ദേശം ഉണ്ടായിട്ടും ഒന്നാം എതിർകക്ഷി സ്വീകരിച്ചതായി കാണുന്നില്ല. വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകാതിരിക്കുന്നത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്നും ഫയൽ കാണാതാവൽ പോലുള്ള ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാവാതെ ഒന്നാം എതിർകക്ഷി ശ്രദ്ധിക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം വക്കീലാഫീസിൽ ഉള്ള ഫയലിൽ ഉണ്ടെന്ന് അറിഞ്ഞിട്ടും കേസ് തീർപ്പാക്കി ഫയൽ ലഭിക്കുന്ന മുറക്ക് വിവരങ്ങൾ നൽകുന്നതാണെന്ന ഒന്നാം എതിർകക്ഷിയുടെ മറുപടി വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ല. ആയതിനാൽ 21.2.2022–ന് മുമ്പായി ടി ഫയൽ വക്കീൽ ആഫീസിൽ നിന്നും തിരികെ വാങ്ങി ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ 'വിവരാവകാശ നിയമപ്രകാരം നൽകുന്ന പകർപ്പുകൾ' എന്നെഴുതി സാക്ഷ്യപ്പെടുത്തി സൗജന്യമായി ഹർജിക്കാരന് നൽകണമെന്നും, ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ ബന്ധപ്പെട്ട ഫയൽ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടുന്നതിന് ടിയാന് അവസരം നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 9–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി